www.malankaralibrary.com

# മിഷൻ ഞായർ 2021

**24-10-2021**

പ്രിയ സഹോദരീസഹോദരന്മാരേ,

2021-ലെ ലോക മിഷൻദിനത്തിന്റെ ആപ്തവാക്യം "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ചു ഞങ്ങൾക്കു സംസാരിക്കാതിരിക്കാൻ സാധ്യമല്ല" (അപ്പ 4 : 20) എന്നതാണല്ലോ. നമുക്കു ലഭിച്ചിരിക്കുന്നതും നാം ഹൃദയത്തിൽ പേറുന്നതുമായ ദൈവാനുഭവം സാക്ഷ്യപ്പെടുത്തുന്നതിനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. ആദിമക്രൈസ്തവർ ആ കാലഘട്ടത്തിലുണ്ടായിരുന്ന ഭയത്തിനും അടച്ചുപൂട്ടികഴിയാനുള്ള പ്രലോഭനത്തിനും കീഴടങ്ങാതെ കർത്താവിലേക്കും അവിടുന്ന് നൽകിയ പുതുജീവിതത്തിലേക്കും ആകർഷിക്കപ്പെട്ടതിനെക്കുറിച്ചു ഫ്രാൻസിസ് മാർപാപ്പാ ഈ വർഷത്തെ മിഷൻദിനസന്ദേശത്തിൽ പരാമർശിക്കുന്നുണ്ട്. ജനങ്ങൾക്കിടയിലേക്കു നിസ്വാർത്ഥസ്നേഹത്തോടെയും സേവനമനോഭാവത്തോടെയും കർത്താവിന്റെ നാമത്തിൽ ഇറങ്ങിചെല്ലുകയും തങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത, "ദൈവരാജ്യം സമീപസ്ഥമായിരിക്കുന്നു" എന്ന യാഥാർത്ഥ്യത്തിനു സാക്ഷ്യം വഹിക്കുകയും ചെയ്യുക എന്നതായിരുന്നു ആ പുതുജീവിതം. ഇതുതന്നെയാണ് ഈ കാലഘട്ടത്തിലും സുവിശേഷപ്രഘോഷണത്തിൽ നാം സ്വായത്തമാക്കേണ്ട മനോഭാവം.

എത്രപേർ മാനസാന്തരപ്പെട്ടു സഭയെ ആശ്ലേഷിക്കുന്നു എന്നതല്ല പ്രേഷിത പ്രവർത്തനത്തിൽ നമുക്കുണ്ടാകേണ്ട പ്രേരകശക്തി. സഭയിൽ അംഗമാകാൻ ആർക്കു പ്രചോദനം ലഭിച്ചാലും അതു ദൈവം നൽകുന്നതാണ്. കാരണം, വിശ്വാസം ദൈവത്തിന്റെ ദാനമാണല്ലോ. എങ്കിലും സുവിശേഷം അറിയിക്കുക, മിശിഹായെ നൽകുക എന്ന നമ്മുടെ ഉത്തരവാദിത്വത്തിൽനിന്നു നമുക്ക് പിന്മാറാൻ സാധിക്കയില്ല. കർദിനാൾ മാർ വർക്കി വിതയത്തിൽ പിതാവു പറയുന്ന ഒരു ഉദാഹരണമുണ്ട്. ബാത്ത്ടബ്ബിൽ കുളിക്കാൻ കിടന്നപ്പോൾ വെള്ളം കവിഞ്ഞൊഴുകുന്നതുകണ്ട് പ്ലവനതത്വം രൂപപ്പെടുത്തിയ ആർക്കിമെഡീസ് 'യുറേക്ക, യുറേക്ക' അഥവാ 'ഞാൻ കണ്ടെത്തി, ഞാൻ കണ്ടെത്തി' എന്നു പറഞ്ഞു ടബ്ബിൽനിന്നിറങ്ങി തെരുവിലേക്കോടി തന്റെ പുതിയ കണ്ടുപിടുത്തത്തെക്കുറിച്ചു ജനങ്ങളെ അറിയിച്ചു. അതുപോലെ, ക്രിസ്തുവാണ് യഥാർത്ഥ രക്ഷകൻ എന്ന് വിശ്വസിക്കുന്ന നമ്മൾ അത് മറ്റുള്ളവരെയും അറിയിക്കാൻ കടപ്പെട്ടിരിക്കുന്നവരാണ്. ഈ ദൗത്യം നിർവഹിക്കുമ്പോൾ പരിശുദ്ധ പിതാവ് സൂചിപ്പിച്ചതുപോലെ കാലഘട്ടത്തിന്റെ അടയാളങ്ങൾ നാം പരിഗണിക്കണം. നമ്മുടെ ജീവിതസാക്ഷ്യമാണ് സുവിശേഷവത്ക്കരണത്തിനു ഏറ്റവും സഹായകമായ ഘടകം. ദൈവസ്നേഹം എത്രമാത്രം പരസ്നേഹമാക്കി മാറ്റുന്നുവോ അതിനനുസരിച്ചു നമ്മുടെ ജീവിതസാക്ഷ്യം കൂടുതൽ ഫലപ്രദമാകും.

മഹാമാരിയുടെ ഈ കാലത്തു രോഗപ്രതിരോധ നടപടികൾ, രോഗിശുശ്രൂഷ, രോഗം ബാധിച്ചവരുടെയും മരിച്ചവരുടെയും ബന്ധുമിത്രങ്ങളുടെയും സംരക്ഷണം ഇവയിലെല്ലാം നാം ശ്രദ്ധപതിപ്പിക്കണം. പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തതുപോലെ എല്ലാവരെയും സഹോദരീസഹോദരന്മാരായി കാണാൻ നമുക്ക് സാധിക്കണം. മതത്തിന്റെയും ജാതിയുടെയും ഭാഷയുടെയും അതിർവരമ്പുകളെ മറികടന്ന് ഈശോയിലൂടെ പ്രകാശിതമായ സാർവത്രികസ്നേഹത്തിന്റെ ചൈതന്യം സാംശീകരിക്കാൻ പരിശ്രമിക്കാം. കാരുണ്യപ്രവർത്തനങ്ങൾക്കായി നമ്മുടെ ജീവിതത്തിലെ ഓരോദിവസവും കുറച്ചുസമയമെങ്കിലും

www.malankaralibrary.com

മാറ്റിവയ്ക്കാൻ നമുക്ക് കഴിയണം. ഇപ്രകാരം ക്രിസ്തു നമ്മിലൂടെ ഇനിയും അറിയപ്പെടുകയും പ്രഘോഷിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്.

ഇപ്പോഴത്തെ മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികളിലും സഭയുടെ പ്രേഷിത പ്രവർത്തനം സജീവമായി മുന്നോട്ടു പോകുന്നതിന്റെ പ്രധാന കാരണം വൈദികരുടെയും സമർപ്പിതരുടെയും അല്മായപ്രേഷിതരുടെയും പ്രേഷിത തീക്ഷ്ണതതന്നെയാണ്. ക്രിസ്തുവിനുവേണ്ടി ജീവത്യാഗം ചെയ്യുന്നവരെയും സുവിശേഷവത്ക്കരണത്തിന്റെ പാതയിലായിരിക്കുന്നവരെയും നമുക്ക് പ്രാർത്ഥനയിൽ ഓർക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യാം. അയയ്ക്കപ്പെടാൻ ഒരുക്കപ്പെട്ടിരുന്ന ശ്ലീഹന്മാരുടെ കൂടെയായിരുന്നുകൊണ്ട് അവരെ പ്രോത്സാഹിപ്പിച്ച പരിശുദ്ധ അമ്മ നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളിൽ കൂടുതൽ തീക്ഷ്ണതയോടെ മുന്നേറാൻ നമുക്കായി ദൈവസന്നിധിയിൽ പ്രാർത്ഥിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർസഭയുടെ മേജർ ആർച്ച്ബിഷപ്